പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3428 | 14.03.2018 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) നെല്ലിന്റെ സംഭരണ വില 2016-17 സീസണിൽ ഒരു രൂപ വർദ്ധിപ്പിച്ച് കിലോ ഗ്രാമിന് 22.50 രൂപ (ഇരുപത്തിരണ്ട് രൂപ അമ്പത് പൈസ മാത്രം) യ്ക്കാണ് സംഭരണം നടത്തിയത്. 2017-18 സീസണിൽ മിനിമം സപ്പോർട്ട് പ്രൈസിലെ 80 പൈസ വർദ്ധനവ് ഉൾപ്പടെ കിലോ ഗ്രാമിന് 23.30 രൂപ (ഇരുപത്തിമൂന്ന് രൂപ മുപ്പത് പൈസ മാത്രം) യ്ക്കാണ് സംഭരണം നടത്തി വരുന്നത്. |
| (ബി) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ 2018 ജനുവരി 31 വരെ എത്ര രൂപ കർഷകർക്ക് നൽകാനുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി കൊടുത്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) നെല്ല് സംഭരിച്ച വകയിൽ 2018 ജനുവരി 31 വരെ 51.95 കോടി രൂപ (അമ്പത്തിയൊന്ന് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം) കർഷകർക്ക് നൽകാനുണ്ട്. ആയത് 2018 മാർച്ച് 31 ന് മുമ്പ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ